അധ്യായം 4

# ചെറിയ ചുവടുകൾ



339CH04



## ആമുഖം

ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും നേടുകയും ചെയ്യുക എന്നതാണ് വിജയത്തിലേക്കുള്ള താക്കോൽ. ഉദാഹരണത്തിന്, 10 സെക്കൻഡ് സമയം കൈകളിൽ ഭാരം വഹിക്കുക ,അത് ഒരു കാലിൽ 2-5 സെക്കൻഡ് സന്തുലിതമായിവയ്ക്കുക , ഒരു മിനിറ്റ് സ്കിപ്പിങ്ങ് ചെയ്യുക എന്നിവ . ഓരോ വ്യക്തിക്കും അവരുടെ ആവശ്യങ്ങളെ അടിസ്ഥാനമാക്കി വ്യത്യസ്ത ലക്ഷ്യങ്ങളുണ്ട്, പക്ഷേ നാമെല്ലാവരും ഒരുപോലെ നേടാൻ ശ്രമിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഈ അധ്യായത്തിൽ, സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ആരോഗ്യപരമായി വളരുന്നതിനുമുള്ള വ്യക്തിഗത ലക്ഷ്യങ്ങൾ ഞങ്ങൾ നിശ്ചയിക്കുകയും നേടുകയും ചെയ്യും.



© NCERT not to be republished

അമോ 19

# വടി സന്തുലിതമാക്കുക

**ആവശ്യമായ സാധനങ്ങൾ**

വടി

**എങ്ങനെ കളിക്കാം**

- കളിസ്ഥലത്ത് സുരക്ഷിതമായ ഇടം കണ്ടെത്തുക.
- നിങ്ങളുടെ അധ്യാപകനിൽ നിന്ന് ഒരു വടി വാങ്ങി നിങ്ങളുടെ ലക്ഷ്യം നിശ്ചയിക്കുക.
- വടി നിങ്ങളുടെ കൈപ്പത്തിയിൽ വയ്ക്കുക, വീഴാതെ നിൽക്കാൻ സന്തുലിതാവസ്ഥ നിലനിർത്തുക .നിങ്ങൾക്ക് സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയുന്ന സമയം രേഖപ്പെടുത്തുക. ഓരോ തവണയും നിങ്ങൾ ലക്ഷ്യം വയ്ക്കുന്ന സമയം മെച്ചപ്പെടുത്താൻ ശ്രമിക്കുക.



© Not to be republished

**അധ്യാപകർക്കുള്ള കുറിപ്പ്**

**ലക്ഷ്യം**

സന്തുലിതാവസ്ഥ നിലനിർത്താനുള്ള കഴിവ്, തന്ത്രപരമായ ചിന്ത, ഗുരുത്വാകർഷണ ത്തിനനുകൂലമയോ പ്രതികൂലമായോ ഭാരം മാറ്റൽ, സ്വയം പര്യാപ്തത എന്നിവ വികസിപ്പിക്കുന്നു.

**വ്യതിയാനങ്ങൾ**

- സഹപാഠികളുമായി ഇത് ഒരു കളി ആയി കളിക്കുക. ഏറ്റവും കൂടുതൽ നേരം വടി സന്തുലിതമായി നിർത്തുന്ന വിദ്യാർത്ഥി വിജയിക്കുന്നു.

**അവലോകനം**

വടി സന്തുലിതമാക്കാൻ ഓരോ കളിക്കാരനും എന്താണ് ചെയ്തതെന്ന് ചർച്ച ചെയ്യുക.

# അമോ 20

# ചലിച്ചു കൊണ്ടിരിക്കുക

**ആവശ്യമായ വസ്തു**

വടി

**എങ്ങനെ കളിക്കാം**

- കളി സ്ഥലത്ത് ആരംഭിക്കുന്നതിനും അവസാനിപ്പിക്കുന്നതിനുള്ള രേഖകൾ വരയ്ക്കുക .നാലു പേരടങ്ങുന്ന കൂട്ടങ്ങളായി തിരിയുക . മൂന്ന് കളിക്കാർ പരസ്പരം കൈകോർക്കും, നാലാമത്തെ വിദ്യാർത്ഥി മധ്യത്തിലായിരിക്കും.
- മധ്യത്തിലുള്ള വിദ്യാർത്ഥിയെ സ്പർശിക്കാതെ മുഴുവൻ അംഗങ്ങളെയും തുടക്കത്തിൽ നിന്ന് അവസാന രേഖയിലേക്ക് മാറ്റുകയാണ് ലക്ഷ്യം.
- അവസാന രേഖയിൽ ആദ്യം എത്തുന്നവർ വിജയിക്കും.




© NCERT not to be republished

**അധ്യാപകർക്കുള്ള കുറിപ്പ്**

**ലക്ഷ്യം**
ഏകോപനം, വൈജ്ഞാനിക കഴിവുകൾ, ഏകാഗ്രത എന്നിവയുടെ വികസനം.

**വ്യതിയാനങ്ങൾ**
- മധ്യനിരയിൽ രണ്ട് കളിക്കാരുമായി കളി കളിക്കുക.
- അംഗങ്ങളുടെ തോളിൽ പിടിച്ചുകൊണ്ട് കളി കളിക്കുക.

**അവലോകനം**
**നക്ഷത്രവും ആഗ്രഹവും**

അമോ 21

# നിങ്ങളുടെ സ്ഥാനം നിലനിർത്തുക

**ആവശ്യമായ സാധനങ്ങൾ**
അടയാളപ്പെടുത്തുന്നതിനുള്ള പൊടി പാട്ടുപെട്ടി

**എങ്ങനെ കളിക്കാം**

- നിലത്ത് നാല് ചതുരങ്ങൾ വരയ്ക്കുക. ഒരു കേന്ദ്രം എന്ന നിലയിൽ ഓരോ ചതുരവും അധ്യാപകൻ വിശദീകരിച്ച ഒരു തരം വ്യായാമത്തെ പ്രതിനിധീകരിക്കുന്നു.
- അധ്യാപകൻ സംഗീതം പുറപ്പെടുവിക്കുമ്പോൾ ഓടുക, ചാടുക, അല്ലെങ്കിൽ ചതുരങ്ങൾക്ക് ചുറ്റും നടക്കുക.
- സംഗീതം നിർത്തുമ്പോൾ, വിദ്യാർത്ഥികൾ അവർ നിൽക്കുന്ന ചതുരത്തിലുള്ള നിയുക്ത വ്യായാമം അവതരിപ്പിക്കുന്നു. 10 സെക്കൻഡിൽ കൂടുതൽ വ്യായാമം ചെയ്യാൻ കഴിയുന്ന വിദ്യാർത്ഥികൾ അടുത്ത ഘട്ടത്തിലേക്ക് നീങ്ങുന്നു.




not to be republished © NCERT

**അധ്യാപകർക്കുള്ള കുറിപ്പ്**



**ലക്ഷ്യം**
മാറ്റത്തിനനുസരിച്ച് കൈകാലുകളുടെ സഹായത്തോടെ സ്ഥിരത പുലർത്താനുള്ള കഴിവ് വർധിപ്പിക്കുക .

**വ്യതിയാനങ്ങൾ**
- രണ്ട് കേന്ദ്രങ്ങളിൽ നിന്ന് ആരംഭിച്ച് ക്രമേണ കേന്ദ്ര ങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക.
- വ്യായാമം ചെയ്യുന്ന സമയം 10 സെക്കൻഡിൽ കൂടുതൽ വർദ്ധിപ്പിക്കുക.

**അവലോകനം**
നക്ഷത്രവും ആഗ്രഹവും

അമോ 22

# ശരീര ഭാരവാഹനം

**ആവശ്യമായ സാധനങ്ങൾ**

പായ

**എങ്ങനെ കളിക്കാം**

- വയറിന്റെ ഭാഗം താഴോട്ടായി കിടക്കുക .
- നിങ്ങളുടെ കൈമുട്ടിന്റെ സഹായത്തോടെ, ശരീരം നിലത്തിന് സമാന്തരമായി, കാൽമുട്ടുകൾ നേരെയും താഴ്ഭാഗം കാൽവിരലുകളിലും വരുന്ന തരത്തിൽ ഉയർത്തുക.
- കഴിയുന്നത്ര നേരം ശരീരത്തെ ഒരേ സ്ഥാനത്ത് നിലനിർത്താൻ ശ്രമിക്കുക. ഓരോ പ്രാവശ്യത്തെയും സമയം കുറിച്ചു വയ്ക്കുക .



അധ്യാപകർക്കുള്ള കുറിപ്പ്

**ലക്ഷ്യം**
പ്രധാന പേശികൾ, മാനസിക ശക്തി, ഇച്ഛാശക്തി എന്നിവയുടെ സമ്പുഷ്ടീകരണം.

**വ്യതിയാനങ്ങൾ**
- കാൽമുട്ടുകളിൽ നിന്ന് ആരംഭിക്കുക, നിലത്ത് കുനിഞ്ഞ് സാവധാനം വിപുലമായ ഘട്ടത്തിലേക്ക് നീങ്ങുക.
- സമയം മെച്ചപ്പെടുത്തുക, 2 സെക്കൻഡ് മുതൽ 10 സെക്കൻഡ് വരെ തുടരുക

**അവലോകനം**
നിങ്ങൾക്ക് സമ്മർദ്ദം അനുഭവപ്പെട്ട ശരീര ഭാഗങ്ങൾ തിരിച്ചറിയുക.

© NCERT not to be republished

അമോ 23

# വീട് കണ്ടെത്തുക

**ആവശ്യമായ സാധനങ്ങൾ**
വളയങ്ങൾ

**എങ്ങനെ കളിക്കാം**

- ഒരു വലിയ വൃത്തം അടയാളപ്പെടുത്തുക, അതിനുള്ളിൽ വളയങ്ങൾ സ്ഥാപിക്കുക. കളിക്കാരുടെ എണ്ണത്തേക്കാൾ കുറവായിരിക്കണം വളയങ്ങളുടെ എണ്ണം.
- വിസിൽ മുഴങ്ങുമ്പോഴാണ് കളി ആരംഭിക്കുന്നത് . വിദ്യാർത്ഥികൾ വലിയ വൃത്തത്തിന് ചുറ്റും ഓടാനോ ചാടാനോ തുടങ്ങുന്നു.
- രണ്ടാമത്തെ വിസിൽ അടിക്കുമ്പോൾ, വിദ്യാർത്ഥികൾ വൃത്തത്തിനുള്ളിൽ സ്ഥാപിച്ചിരിക്കുന്ന വളയങ്ങളിലേക്ക് ചാടണം.
- വളയങ്ങൾ ലഭിക്കാത്തവർ പുറത്താകും .
- ഇപ്പോൾ, രണ്ടാം ഘട്ടത്തിനായി വളയങ്ങളുടെ എണ്ണം കുറയ്ക്കുക, ഒരു കളിക്കാരൻ മാത്രം അവശേഷിക്കുന്നത് വരെ കളി തുടരുന്നു .



അധ്യാപകർക്കുള്ള കുറിപ്പ്

**ലക്ഷ്യം**
മാനസിക തീവ്രത, തീരുമാനമെടുക്കൽ, പെട്ടെന്ന് പ്രതികരിക്കുന്നതിനുള്ള സമയം എന്നിവയുടെ പരിപോഷണം.

**വ്യതിയാനങ്ങൾ**
- വൃത്തത്തിന് ചുറ്റും ഓടുമ്പോൾ വ്യത്യസ്ത മൃഗങ്ങളുടെ ചലനങ്ങൾ ഉപയോഗിക്കുക.
- ഒരു വൃത്തത്തിന് ചുറ്റുമുള്ള കളിക്കാരുടെ എണ്ണവും വളയങ്ങളുടെ എണ്ണവും വ്യത്യാസപ്പെടുത്താം

**അവലോകനം**
നക്ഷത്രവും ആഗ്രഹവും

© NCERT not to be republished

അമോ 24

# കള്ളനും പോലീസും

**ആവശ്യമായ സാധങ്ങൾ**

അടയാളപ്പെടുത്തുന്നതിനുള്ള പൊടി

പന്തുകളോ മറ്റേതെങ്കിലും വസ്തുക്കളോ



© NCERT not to be republished



**എങ്ങനെ കളിക്കാം**

- കളി സ്ഥലത്തെ രണ്ട് ഭാഗങ്ങളായി വിഭജിച്ച് നടുവിൽ ഒരു വസ്തു വയ്ക്കുക
- ഒരു വിദ്യാർത്ഥി പോലീസ് ഉദ്യോഗസ്ഥനും മറ്റുള്ളവർ കേന്ദ്രത്തിൽ നിന്ന് വസ്തു എടുക്കാൻ ശ്രമിക്കുന്ന മോഷ്ടാക്കളും ആയിരിക്കും.
- മോഷ്ടാക്കൾ നടുവിലെ വസ്തുവിന് അഭിമുഖമായി ഒരു രേഖയിൽ നിൽക്കും.ഉദ്യോഗസ്ഥന് വസ്തുവില് നിന്ന് കുറച്ച് മാറി നില്ക്കും .ഉദ്യോഗസ്ഥന് തിരിഞ്ഞു നില്ക്കുമ്പോൾ മോഷ്ടാക്കൾ വസ്തുവിലേക്ക് നീങ്ങുന്നു. ഉദ്യോഗസ്ഥന് അംഗങ്ങള്ക്ക് നേരെ തിരിയുമ്പോൾ, കളിക്കാർ പ്രതിമകൾ പോലെ നില്ക്കണം .
- ചലിക്കുമ്പോൾ പിടിക്കപ്പെടുന്നവർ പുറത്താകും . ആരെങ്കിലും വസ്തു മോഷ്ടിക്കുന്നതുവരെ കളി തുടരും. ആ വ്യക്തിയാണ് അടുത്ത ഉധ്യോഗസ്ഥന് .

© NCERT not to be republished

**അധ്യാപകർക്കുള്ള കുറിപ്പ്**



**ലക്ഷ്യം**
വൈജ്ഞാനിക കഴിവുകൾ, സന്തുലിതാവസ്ഥ, ഏകോപനം, മെച്ചപ്പെട്ട മസ്തിഷ്ക പ്രവർത്തനം എന്നിവയുടെ സമ്പുഷ്ടീകരണം.

**വ്യതിയാനങ്ങൾ**
- വ്യത്യസ്ത മൃഗങ്ങളെപ്പോലെ ചലിക്കാൻ ശ്രമിക്കുക.
- വസ്തുക്കളുടെയും ഉദ്യോഗ സ്ഥരുടെയും എണ്ണം വർദ്ധിപ്പിക്കാം .

**അവലോകനം**
നക്ഷത്രവും ആഗ്രഹവും

അമോ 25

# തുടരെയുള്ള ഓട്ടം

**ആവശ്യമായ സാധനങ്ങൾ**

വളയങ്ങൾ

മൃദുവായ പന്തുകൾ




© NCERT not to be republished



**എങ്ങനെ കളിക്കാം**

- അകലങ്ങളിലായി വരച്ച രണ്ട് രേഖകളിലായി   വളയങ്ങൾ സ്ഥാപിക്കുക. ഓരോ വളയത്തിലും നാല് പന്തുകൾ വീതം വയ്ക്കുക.
- നാല് അംഗങ്ങൾ വീതമുള്ള കൂട്ടങ്ങൾ രൂപീകരിക്കുക. ശൂന്യമായ വളയങ്ങൾക്ക് പിന്നിൽ അംഗങ്ങള് വരിയായി നിൽക്കുന്നു, ഇത് ആരംഭസ്ഥാനമായി  അടയാളപ്പെടുത്തുന്നു.
- വിസിൽ അടിയിലാണ് കളി തുടങ്ങുന്നത്. ഓരോ കൂട്ടത്തിലെയും ആദ്യത്തെ കളിക്കാരൻ (കുതിരയെപ്പോലെയുള്ള ചലനം) ചാടിയും ഓടിയും വളയത്തിൽ നിന്ന് ഒരു പന്ത് എടുക്കാൻ അകലെയുള്ള അറ്റത്തേക്ക് പോകുന്നു.
- വളയത്തിൽ നിന്ന് പന്ത് എടുത്ത ശേഷം, കളിക്കാരൻ ആരംഭ രേഖയിലേക്ക് മടങ്ങുകയും പന്ത് അവരുടെ കൂട്ടത്തിന്റെ ശൂന്യമായ വളയത്തിൽ ഇടുകയും ചെയ്യുന്നു.
- മുൻ കളിക്കാരൻ പന്ത് വളയത്തിൽ ഇട്ടാലുടൻ ഓരോ കൂട്ടത്തിലേയും അടുത്ത കളിക്കാരൻ ഓടാൻ തുടങ്ങുന്നു. നാല് കളിക്കാരും വളയത്തിന്റെ അങ്ങേയറ്റത്ത് നിന്ന് പന്ത് കൊണ്ടുവരുന്നതുവരെ കളി തുടരുന്നു.
- ആദ്യം പൂർത്തിയാക്കുന്ന ടീം കളി ജയിക്കും.

© NCERT not to be republished

**അധ്യാപകർക്കുള്ള കുറിപ്പ്**



**ലക്ഷ്യം**
ചടുലത, ഏകോപന ശേഷി എന്നിവയുടെ വികസനം.

**വ്യതിയാനങ്ങൾ**
- തിരികെ വരുമ്പോൾ പിന്നോട്ട് നടക്കുക.
- കളിസ്ഥലത്ത് നിരവധി തടസ്സങ്ങൾ സൃഷ്ടിക്കാന് കഴിയും.

**അവലോകനം**
നക്ഷത്രവും ആഗ്രഹവും

അമോ 26

## പിടികൊടുക്കാതെ സുരക്ഷിത സ്ഥാനത്തേക്ക് നീങ്ങുക





**എങ്ങനെ കളിക്കാം**

- രണ്ട് കൂട്ടങ്ങളായി തിരിയുക . ആരംഭ രേഖ , കേന്ദ്ര രേഖ , പൂർത്തീകരണ രേഖ എന്നിങ്ങനെ മൂന്ന് രേഖകൾ കളിസ്ഥലത്ത് അടയാളപ്പെടുത്തുക.
- ഓട്ടക്കാർ എന്ന് വിളിക്കപ്പെടുന്ന ഒരു കൂട്ടം ആരംഭ രേഖയിലും പിന്തുടരുന്നവ്ര് എന്ന മറ്റൊരു കൂട്ടം കേന്ദ്ര രേഖയിലും നിൽക്കും.
- ഓട്ടക്കാർ പിടിക്കപ്പെടുകയോ സ്പർ ശിക്കപ്പെടുകയോ ചെയ്യാതെ, പിന്തുടരുന്നവരെ മറികടന്ന് ഓടുകയും അവസാന രേഖയില് എത്തുകയും വേണം.
- പൂർത്തീകരണ രേഖയിൽ എത്തുന്ന ആളുകളുടെ എണ്ണം ആ കൂട്ടം നേടിയ പോയിന്റുകളുടെ എണ്ണമായിരിക്കും.
- ഇനി ആളുകളെ മാറ്റി വീണ്ടും കളിക്കുക.

© NCERT not to be republished

**അധ്യാപകർക്കുള്ള കുറിപ്പ്**

**ലക്ഷ്യം**
ചെറിയ സമയത്തിൽ പ്രതികരിക്കാനുള്ള കഴിവ് , ചടുലത, ഏകോപന ശേഷി, വഴക്കം.

**വ്യതിയാനങ്ങൾ**
- ആരംഭ രേഖയിൽ നിന്ന് ഓടുമ്പോൾ ആംഗ്യങ്ങളില് മാറ്റം വരുത്തുക

**അവലോകനം**
**നക്ഷത്രവും**
**ആഗ്രഹവും**

അമോ 27

# പ്രതിരോധ കുത്തി വയ്പ്പ് വിജയിക്കുന്നു

**ആവശ്യമായ സാധനങ്ങൾ**
രോഗങ്ങളുടെയും പ്രതിരോധ കുത്തിവെപ്പുകളുടെയും പേര് എഴുതിയ ടാഗുകൾ







© NCERT not to be republished

**എങ്ങനെ കളിക്കാം**

- ക്ലാസിനെ രണ്ട് കൂട്ടങ്ങളായി വിഭജിക്കുക - ഒന്ന് രോഗങ്ങളുടെ കൂട്ടം എന്നും മറ്റൊന്ന് പ്രതിരോധ കുത്തി വയ്പ്പുകളുടെ കൂട്ടം എന്നും അറിയപ്പെടുന്നു.
- ചില രോഗങ്ങളുടെ പേരുകൾ കടലാസിൽ എഴുതുക, രോഗങ്ങളുടെ കൂട്ടത്തിലെ കളിക്കാരുടെ പുറകിൽ ഒട്ടിക്കുക .ആ രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തി വയ്പ്പുകളുടെ പേരുകൾ ഒരു കടലാസിൽ എഴുതുക, ആ കൂട്ടത്തിലുള്ള കളിക്കാരുടെ പുറകിൽ ഒട്ടിക്കുക
- വിസിൽ മുഴങ്ങുന്നതോടെ കളി തുടങ്ങും. പ്രതിരോധ കുത്തിവയ്പ്പിലെ കളിക്കാർ അവരുടെ കുത്തിവെപ്പുകൾ ഉപയോഗിച്ച് സുഖപ്പെടുത്തുന്ന അതത് രോഗത്തിലുള്ളവരെ പിടിക്കാൻ ശ്രമിക്കുന്നു.
- രോഗത്തിന്റെ കൂട്ടത്തിലുള്ള എല്ലാ കളിക്കാരെയും പ്രതിരോധ കുത്തിവയ്പ്പിലെ അംഗങ്ങൾ പിടിക്കുന്ന സമയം രേഖപ്പെടുത്തുക .
- ആൾക്കാരെ മാറ്റുക . രോഗത്തിന്റെ കൂട്ടത്തിലുള്ളവർ പ്രതിരോധകുത്തിവയ്പ്പിലുള്ളവരെ പിടിക്കാൻ ശ്രമിക്കുക
- എല്ലാ പ്രതിരോധ കുത്തിവയ്പ്പിലുള്ളവരെയും പിടിക്കാൻ രോഗത്തിന്റെ കൂട്ടം എടുക്കുന്ന സമയം രേഖപ്പെടുത്തുക . കുറവ് സമയം എടുക്കുന്ന കൂട്ടം വിജയിക്കുന്നു

© NCERT not to be republished




**ലക്ഷ്യം**
കുത്തി വയ്പ്പുകളെ കുറിച്ചുള്ള ഭയം ഒഴിവാക്കി അവബോധം വളർത്തിയെടുക്കുക

**അവലോകനം**
വ്യത്യസ്ത തരം രോഗങ്ങളും അവയുടെ പ്രതിരോധ കുത്തിവയ്പ്പുകളെയും കുറിച്ച് ചർച്ച ചെയ്യുക.

## കുറിപ്പുകൾ

© NCERT
not to be republished